"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കരീപ്രഗ്രാമപഞ്ചായത്തിലെ- നെടുമൺകാവ് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ ഉദ്ഘാടനത്തിന് ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.3257/2022/LSGD തീയതി,തിരുവനന്തപുരം, 31-12-2022

---

പരാമർശം:-

1. കരീപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13/12/2022 തീയതിയിലെ കത്ത്.
2. കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 12/12/2022ലെ 1(1) നമ്പർ തീരുമാനം.

**ഉത്തരവ്**

കരീപ്രഗ്രാമപഞ്ചായത്തിലെ നെടുമൺകാവ് വാർഡിൽ KSCADC നിർമ്മിക്കുന്ന നെടുമൺകാവ് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ ഉദ്ഘാടനം 19/12/2022 തിങ്കളാഴ്ച്ച വൈകിട്ട് 4.30-ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എൻ.ബാലഗോപാൽ നിർവ്വഹിക്കുന്നതായും ആയതിലേക്ക് ആവശ്യമായി വരുന്ന ഒരു ലക്ഷം രൂപയിൽ കവിയാത്ത തുക ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും അനുവദിക്കണമെന്നും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരീപ്ര ഗ്രാമപഞ്ചായത്തിലെ നെടുമൺകാവ് വാർഡിൽ KSCADC നിർമ്മിക്കുന്ന നെടുമൺകാവ് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ ഉദ്ഘാടന ചടങ്ങിനായി ചെലവായ തുക പരമാവധി ഒരു ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്,കരീപ്ര ഗ്രാമ പഞ്ചായത്ത്,കുഴിമതിക്കാട്.പി.ഒ 691509
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sheeba Beegom.a.m**
**Date: 31-12-2022 16:32:41**

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്